**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

നിയമസഭ ചോദ്യം നമ്പർ : **T 4993** — **06.02.2014-ൽ** മറുപടിക്ക്.

## കാസർഗോഡ് കുടുംബകോടതി കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.ഉമ്മൻ ചാണ്ടി<br>**(മുഖ്യമന്ത്രി)** |
| എ) കാസർഗോഡ് ജില്ലയിൽ കുടുംബകോടതി എവിടെയാണ് പ്രവർത്തിക്കുന്നത്; | : (എ) കാസർഗോഡ് മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയ്ക്കെടുത്ത കെട്ടിടത്തിലാണ് നിലവിൽ കാസർഗോഡ് കുടുംബകോടതി പ്രവർത്തിച്ചുവരുന്നത്. |
| ബി) കുടുംബകോടതിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;<br>സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (ബി &സി) കാസർഗോഡ് കുടുംബകോടതി നിർമ്മാണത്തിനു വേണ്ട ഭരണാനുമതി നൽകിയിട്ടില്ല. കെട്ടിട നിർമ്മാണത്തിനുവേണ്ടി 320 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിരുന്നു എങ്കിലും റഫ് കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 50 ലക്ഷം രൂപയ്ക്ക് മുകളിൽ ഭരണാനുമതി നൽകാൻ സാധ്യമല്ലാത്തതിനാൽ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ഹൈക്കോടതി രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**